Madhyamam Daily, 19.10.1992

...സ്വാഗതവും ടി. കുഞ്ഞാലസൻ കുട്ടി നന്ദിയും പറഞ്ഞു.

## സാങ്കേതിക വിദ്യാഭ്യാസ കോഴ്സ്

മലപ്പുറം: മലബാർ മേഖലയിൽ ആറ് സ്വകാര്യ സ്ഥാപനങ്ങൾക്ക് സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ കോഴിക്കോട് മേഖലാ ടെക്നിക്കൽ എജുക്കേഷൻ ഡയറക്ടർ ഉത്തരവു നൽകി. ഇവിടങ്ങളിൽ മൊത്തം 415 വിദ്യാർഥികൾക്ക് പ്രവേശനം നൽകും. കോട്ടക്കൽ സ്കൂൾ ഓഫ് ഇലക്ട്രോണിക്സ്, ജെ.ഡി.റ്റി. ഇസ്ലാം ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട്, ഭാരത് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് തലശ്ശേരി, ടെക്നോളജിക്കൽ ട്രെയിനിംഗ് സെൻറർ ഒറ്റപ്പാലം, കോസ്മോസ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂർ, വിൻറ് ലാൻറ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂർ എന്നിവക്കാണ് പുതിയ കോഴ്സ്. കേരളാ ഗവൺമെൻറിൻെറ ദ്വിവത്സര എഞ്ചിനീയറിംഗ് സർട്ടിഫിക്കറ്റ് കോഴ്സുകളാണ് ഇവിടെ നടത്തുക. കോട്ടക്കലിൽ റേഡിയോ ടെലിവിഷൻ എഞ്ചിനീയറിംഗ് കോഴ്സ് നടത്താനും 30 കുട്ടികൾക്ക് പ്രവേശനം നൽകാനും അനുമതിയുണ്ട്. ഇവിടെ ഒക്ടോബർ 31 വരെ വിദ്യാർഥികൾക്ക് പ്രവേശനം നൽകും.

19/10/92

Malayala Manorama Daily, 19.10.1992

### ചുണ്ടൻവള്ളം കിട്ടി

തിരൂർ: ഉണ്യാൽ തേവർ കടപ്പുറത്ത് മൽസ്യഫെഡ് അനുവദിച്ച ചുണ്ടൻ വള്ളം മത്സ്യത്തൊഴിലാളി കോൺഗ്രസ്-ഐ ഉപാധ്യക്ഷൻ കെ. പി. കുട്ട്യാമു ഉദ്ഘാടനം ചെയ്തു. സി. പി. ബഷീർ റസാഖ് പ്രസംഗിച്ചു.

### അംഗീകാരം നൽകി

കോട്ടയ്ക്കൽ: റേഡിയോ, ടെലിവിഷൻ എൻജിനീയറിംഗ് ദ്വിവത്സര കോഴ്സിന് സ്കൂൾ ഓഫ് ഇലക്ട്രോണിക്സിന് സർക്കാർ അംഗീകാരം നൽകി. 31 വരെ അപേക്ഷ സ്വീകരിക്കും.

### വ്യാപാരമേള

മലപ്പുറം: നവംബറിൽ ഡൽഹിയിൽ നടക്കുന്ന ഇൻറർനാഷനൽ ട്രേഡ് ഫെയറിൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ താൽ